രക്ഷയുടെ പാതയിൽ–3



3

# ജീവദാതാവായ ദൈവം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം



1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം 12

# കൂദാശകൾ : ജീവജലത്തിന്റെ അരുവി



നീ എന്നോടു ചോദിച്ചാൽ ഞാൻ നിനക്ക് ജീവജലം തരാം. ഈ കിണറ്റിലെ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല (യോഹന്നാൻ 4:14).



അദൃശ്യമായ ദൈവികജീവനെ സൂചിപ്പിക്കുകയും നൽകുകയും ചെയ്യുന്നതും ഈശോമിശിഹാ സ്ഥാപിച്ചതുമായ ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ.

ആകെ ഏഴ് കൂദാശകളാണ് സഭയിൽ ഉള്ളത്.

## ഏഴ് കൂദാശകൾ

1. മാമ്മോദീസാ
2. തൈലാഭിഷേകം
3. കുർബാന
4. അനുരഞ്ജന കൂദാശ
5. രോഗീലേപനം
6. തിരുപ്പട്ടം
7. വിവാഹം







മാമ്മോദീസാ, തൈലാഭിഷേകം, തിരുപ്പട്ടം എന്നിവയാണ് ഒരിക്കൽ മാത്രം സ്വീകരിക്കാവുന്ന കൂദാശകൾ.

ഓരോ കൂദാശയിലൂടെയും ദൈവത്തിന്റെ കൃപാവരം അഥവാ ദൈവികജീവൻ നമ്മിലേക്ക് ഒഴുകിയെത്തുന്നു. അത് നമ്മെ വിശുദ്ധിയിൽ വളരാൻ സഹായിക്കുന്നു.

# നമുക്കുപ്രാർത്ഥിക്കാം

കൂദാശകളിലൂടെ ദൈവികജീവനാകുന്ന
ജീവജലം എനിക്കു നല്കുന്ന
ഈശോയേ, ദൈവകൃപയിൽ വളരുവാൻ
എന്നെ സഹായിക്കണമേ.





# നമുക്കു പാടാം

ദൈവികജീവന്നുറവിടമാകും
കൂദാശകളേഴ്
സഭയാം അമ്മ സ്നേഹാലേകും
കൃപയുടെ നീര്‍ച്ചാല്
യോഗ്യതയോടെ കൈക്കൊണ്ടാലോ
കൃപയില്‍ നമ്മള്‍ വളരും
റൂഹാ തന്നുടെ നിറവാലെന്നും
വിശുദ്ധി നമ്മില്‍ നിറയും.

# എന്റെ തീരുമാനം

ദൈവാലയത്തിൽ നടക്കുന്ന കൂദാശകളിലും തിരുക്കർമ്മങ്ങളിലും ഞാൻ ഭക്തിയോടെ പങ്കെടുക്കും.



Thank you